(ഡി) 6 മാസം.

(ഇ) ഇല്ല.

(എഫ്) ചോദ്യം ബാധകമല്ല.

സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയം

154 [3680] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ എത്ര വീതമാണെന്നും ഇത് എന്നുമുതലാണ് പ്രാബല്യത്തിലായതെന്നും വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന† സർക്കുലർ നമ്പർ 1/2005-ൽ പ്രതിപാദിച്ചിട്ടുണ്ട്. ടി സർക്കുലറിന് 1-1-2005 മുതൽ പ്രാബല്യമുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം

155 [3681] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ കൊടുക്കൽ വാങ്ങൽ എത്രയാണ്;

(സി) ബാങ്കിന് ഇപ്പോൾ എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട്;

(ഡി) കുടിശ്ശിക എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[28-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 154 (3680)-ന്റെ ഉത്തരം ദയവായി കാണുക]

ജി (1) 51563/2004.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
തീയതി : 25-1-2005.

സർക്കുലർ നമ്പർ 1/2005

വിഷയം:—സഹകരണ വകുപ്പ്—സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയവും ഭരണസമിതി അംഗങ്ങൾക്കുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:—1. സഹകരണ സംഘം രജിസ്ട്രാറുടെ 26-4-2000-ലെ 19/2000 നമ്പർ സർക്കുലർ

2. സഹകരണ സംഘം രജിസ്ട്രാറുടെ 18-6-2003-ലെ 32/2003 നമ്പർ സർക്കുലർ

3. സഹകരണ സംഘം രജിസ്ട്രാറുടെ 18-6-2003-ലെ 33/2003 നമ്പർ സർക്കുലർ

4. സഹകരണ സംഘം രജിസ്ട്രാറുടെ 21-2-2003-ലെ 7/2003നമ്പർ സർക്കുലർ

5. സഹകരണ സംഘം രജിസ്ട്രാറുടെ 13-7-1995-ലെ 19/1995 നമ്പർ സർക്കുലർ

6. സഹകരണ സംഘം രജിസ്ട്രാറുടെ 16-6-2001-ലെ 24/2001 നമ്പർ സർക്കുലർ

7. സഹകരണ സംഘം രജിസ്ട്രാറുടെ 16-6-2004-ലെ 22/2004 നമ്പർ സർക്കുലർ

8. സഹകരണ സംഘം രജിസ്ട്രാറുടെ 21-12-2002-ലെ സി. എസ്. (1) 41805/2 നമ്പർ ഉത്തരവ്

9. സഹകരണ സംഘം രജിസ്ട്രാറുടെ 16-2-2000-ലെ സി. എസ്. (1) 54280/99 നമ്പർ ഉത്തരവ്

10. സഹകരണ സംഘം രജിസ്ട്രാറുടെ 26-6-2000-ലെ 35/2000 നമ്പർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

സൂചന 1, 2 പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, എന്നിവയുടെയും അർബൻ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെയും ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ടും, സൂചന 3 പ്രകാരം സംസ്ഥാനത്തെ വിവിധ അപ്പക്സ്, ഫെഡറേഷനുകളുടെ വൈസ് പ്രസിഡന്റുമാരുടെ ഓണറേറിയം നിശ്ചയിച്ചുകൊണ്ടും സൂചന 4 പ്രകാരം, രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ അപ്പക്സ് സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെ ഓണറേറിയം നിശ്ചയിച്ചു കൊണ്ടും, സൂചന 5, 6 പ്രകാരം യഥാക്രമം പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവയും, പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയവും ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സൂചന 7 പ്രകാരം സംസ്ഥാനത്തെ പ്രാഥമിക വനിതാ സഹകരണ സംഘങ്ങളിലെ പ്രസിഡൻറുമാരുടെ ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

സൂചന 8, 9 പ്രകാരം സഹകരണ കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റിന്റെ ഓണറേറിയവും ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും പുതുക്കി നിശ്ചയിച്ചുകൊണ്ടും, സൂചന (10) അനുസരിച്ച്, അർബൻ സഹകരണ ബാങ്കുകളിലെ കമ്മിറ്റി അംഗങ്ങളുടെ യാത്രാബത്ത പരിഷ്കരിച്ചും ഉത്തരവായിട്ടുണ്ടായിരുന്നു.

ഇപ്പോൾ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കണമെന്ന സഹകാരികളുടെ അപേക്ഷ കണക്കിലെടുത്തും ഇനിയും ഓണറേറിയമോ, സിറ്റിംഗ് ഫീസോ നിശ്ചയിച്ചു നൽകിയിട്ടില്ലാത്ത അപ്പക്സ് ഫെഡറേഷനുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും ഭരണ സമിതി അംഗങ്ങൾക്കും ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ നൽകേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാലും സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡൻറ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള പ്രതിമാസ ഓണറേറിയം തുക സഹകരണ ചട്ടം 49 പ്രകാരം നിശ്ചയിച്ച്/പരിഷ്കരിച്ചുകൊണ്ടും, സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ ചട്ടം 48 (5) പ്രകാരം നിശ്ചയിച്ച്/പരിഷ്കരിച്ചുകൊണ്ടും ഉത്തരവാകുന്നു. പരിഷ്കരിച്ച നിരക്കുകൾ ഇതോടൊപ്പമുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുവ്യവസ്ഥകൾ

1. പരിഷ്കരിച്ച നിരക്കിന് 1-1-2005 മുതൽ പ്രാബല്യമുണ്ടായിരിക്കും.
2. ഓണറേറിയം കൈപ്പറ്റുന്ന പ്രസിഡൻറ്, വൈസ് പ്രസിഡൻറ് എന്നിവർക്ക് സ്ഥാപനത്തിന്റെ ആസ്ഥാനത്തുനിന്ന് 8 കിലോമീറ്റർ വരെയുള്ള യാത്രയ്ക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
3. ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കും.
4. വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടിവരുന്ന ഭരണസമിതി അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കും.
5. സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണസമിതി അംഗങ്ങൾക്കും യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാതു സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയുണ്ടായിരിക്കും. (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്നപക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും).
6. വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ഭരണസമിതി അംഗങ്ങൾ യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നില്ല എങ്കിൽ അവർക്ക് ഒന്നാം ക്ലാസ്സ്/രണ്ടാം ക്ലാസ്സ് എ. സി. യിലുള്ള ട്രെയിൻ യാത്രാ നിരക്കോ, റോഡ് മാർഗ്ഗമാണ് യാത്ര എങ്കിൽ എക്സ്പ്രസ്സ്/സൂപ്പർ ഫാസ്റ്റ് ബസ്സ് നിരക്കും, അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രക്കും അനുവദനീയമായ ഇൻസിഡന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും.
7. കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥയ്ക്കനുസൃതമായി ഭരണസമിതി അംഗങ്ങൾക്ക് അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി. എ. യ്ക്ക് അർഹതയുണ്ടായിരിക്കും.
8. സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള ദിനബത്ത സാധാരണ നിരക്കിലും 50% അധികമായിരിക്കും. കൂടാതെ മുറിവാടക ഇനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ട്.
9. ഈ ഉത്തരവ് പ്രകാരം ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ അനുവദനീയമല്ലാത്ത വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങൾക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ച് രജിസ്ട്രാർ പ്രത്യേക ഉത്തരവ് നൽകുന്നതാണ്. എന്നാൽ ഈ വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങളുടെ ആവശ്യത്തിനായി ഏതെങ്കിലും കാരണവശാൽ ഭരണസമിതി അംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്നപക്ഷം അവർക്ക് യഥാർത്ഥ ബസ്സ് യാത്രാനിരക്ക് വാങ്ങാവുന്നതാണ്.

10. ഈ ഉത്തരവിന്റെ പ്രാബല്യ തീയതി മുതൽ സൂചന (7) പ്രകാരമുള്ള രജിസ്ട്രാറുടെ സർക്കുലർ റദ്ദ് ചെയ്യപ്പെടുന്നതാണ്.

(ഒപ്പ്)

കെ. കേശവൻ,

സഹകരണ സംഘം രജിസ്ട്രാർ (ഇൻ-ചാർജ്ജ്).

1. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
2. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ മാനേജർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
3. എല്ലാ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) എന്നിവർക്ക്.
4. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്ക്.
6. ബന്ധപ്പെട്ട മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.

പകർപ്പ് :

1. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും സെക്ഷനുകൾക്കും.
2. രജിസ്ട്രാറുടെ മേശപ്പുറത്ത്.
3. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ.
4. സർക്കുലർ ബുക്ക്, സ്റ്റോക്ക് ഫയൽ.

LIBRARY ARCHIVES Kerala Legislative Assembly